## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 595** **13.01.2021-ൽ മറുപടിക്ക്**

## വൈദ്യുതി വിതരണ രംഗത്തെ സ്വകാര്യവൽക്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ . എൻ . ഷംസുദീൻ<br>ശ്രീ . പി . ഉബൈദുള്ള<br>ശ്രീ . മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. എം. ഷാജി. | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വൈദ്യുതി വിതരണരംഗം പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതിമേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇത് കൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്ന് കാണാം. |
| (ബി) | ഇക്കാര്യത്തിൽ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കും എന്ന് കെ.എസ്.ഇ.ബിയും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിതരണ ലൈസൻസികളുടെ സ്വകാര്യ വത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ